*റിപ്പോർട്ട് നമ്പർ*: 1.1 *(85-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ്)*

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## മിനിറ്റ്സ്, 85-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : **19** മാർച്ച് **2024**, സമയം : രാവിലെ **10.30** മണി

വേദി: ഹൈബ്രിഡ് മോഡ്, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/1036/2024)

### ഹാജരായ അംഗങ്ങൾ:

1. ഡോ. പി.സി. ശശീന്ദ്രൻ, വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അദ്ധ്യക്ഷൻ
2. അഡ്വ. ടി. സിദ്ദിഖ് - എം.എൽ.എ. (എം.എൽ.എ പ്രതിനിധി) (ഓൺലൈൻ)
3. ശ്രീ. ജാഫർ. എ. എം., അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വിഭാഗം പ്രതിനിധി (ഓൺലൈൻ)
5. ഡോ. അരുൺ. ടി.ആർ. - വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യ പ്രതിനിധി (ഓൺലൈൻ)
6. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

### സാന്നിധ്യം:

1. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധി) (ഓൺലൈൻ)
2. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
3. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
4. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
5. ശ്രീമതി. കോമളവല്ലി. ടി.പി., ലോ ഓഫീസർ
6. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം.

യോഗം 10.35 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സർവ്വകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ ബി.വി.എസ്.സി.&എ.എച്ച്. വിദ്യാർത്ഥി ആയിരുന്ന ശ്രീ. ജെ. എസ്. സിദ്ധാർത്ഥൻ, കാർഷിക സർവ്വകലാശാലയിൽ ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ആയി വിരമിച്ച ഡോ. എ.ഐ. ജോസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥി ശ്രീ. ജെ. എസ്. സിദ്ധാർത്ഥന്റെ നിര്യാണം ഭരണസമിതി യോഗം അനുശോചനം രേഖപ്പെടുത്തി അവസാനിപ്പിക്കേണ്ട വിഷയമല്ലായെന്നും, സർവ്വകലാശാലയുടെ യശസ്സിനും പൊതുസ്വീകാര്യതയ്ക്കും കളങ്കം വരുത്തിയ വിഷയത്തിൽ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വിശദമായി ചർച്ച ചെയ്ത

തിനു ശേഷം മാത്രം മറ്റു യോഗ നടപടിക്രമങ്ങളിലേക്ക് കടന്നാൽ മതിയെന്ന് ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് - എം.എൽ.എ. ആവശ്യപ്പെട്ടു. ഈ വിഷയം അതിന്റെ ഗൗരവത്തോടെ ചർച്ചക്ക് വരുന്നുണ്ട് എന്ന് അദ്ധ്യക്ഷൻ ബഹു. അംഗത്തെ അറിയിച്ചു. അതുകൂടാതെ, ഈ വിഷയത്തിൽ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വിശദമായ ഒരു കുറിപ്പായി ഭരണസമിതി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ് എന്ന് രജിസ്ട്രാറും അറിയിച്ചുവെങ്കിലും, ആയത് അജണ്ടാക്കുറിപ്പായി ഉൾപ്പെടുത്താതിലും ആദ്യം ചർച്ച ചെയ്യാത്തതിലും പ്രതിഷേധം അറിയിച്ച് ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് - എം.എൽ.എ. 10.44 മണിക്ക് യോഗത്തിൽ നിന്നും പിരിഞ്ഞു പോയി.

തുടർന്ന് രജിസ്ട്രാർ അജണ്ടാക്കുറിപ്പുകൾ അവതരിപ്പിച്ചു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 09/01/2024-ന് നടന്ന 84-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ചുവടെ പറയുന്ന തിരുത്തലുകളോടെ മിനിറ്റ്സ് അംഗീകരിച്ചു.<br><br>ഇനം 2.3 – ലെ തീരുമാനത്തിൽ shortlist തയ്യാറാക്കുന്നത് അംഗീകരിച്ച Score card പ്രകാരം അപേക്ഷകർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണെന്നും Communal rotation അനുസരിച്ച് ഓരോ വിഭാഗത്തിലെയും ഓരോ ഒഴിവിനും പരമാവധി 5 പേരടങ്ങുന്നതാവണം short list എന്നതും അഭിമുഖ പരീക്ഷയിൽ short list-ൽ ഉൾപ്പെട്ടവരെ മാത്രം പരിഗണിച്ചാൽ മതിയെന്നതുമുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തീരുമാനം അംഗീകരിച്ചു.<br>*നടപടി: ഡി.എ.ആർ./* രജിസ്ട്രാർ<br><br>ഇനം 2.9 – ലെ തീരുമാനത്തിലെ പട്ടികയിൽ Statistics വകുപ്പിന് നേരെയുള്ള അടിസ്ഥാനപരമായ യോഗ്യതകൾ Post-Graduation in Statistics / Biostatistics / Agricultural Statistics എന്ന് തിരുത്തി തീരുമാനം അംഗീകരിച്ചു.<br>*നടപടി: ഡി.എ.ആർ./ രജിസ്ട്രാർ* |
| 1.2 | 09/01/2024-ന് നടന്ന 84-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 2.1 | DAR - Academic Programmes – Approval of result -Reg. | Approved.<br>*Action: DAR* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 2.2 | കെ.വി.എ.എസ്.യു. - ഡി.എ.ആർ. - റിസർച്ച് - സ്റ്റേറ്റ് പ്ലാൻ 2023-24 - വിവിധ പദ്ധതികളുടെ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ ഉപശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകകൾ റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നതിനും ചില പദ്ധതികളിൽ ബാക്കിയുള്ള തുകകൾ റീ-അലോട്ട്മെന്റ് ചെയ്യുന്നതിനും അനുമതി നൽകുന്നത് - സംബന്ധിച്ച്. | യോഗ തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി (1) & (2) അംഗീകരിച്ചു.<br>*നടപടി: ഡി. എ. ആർ.* |
| 3.1 | പൊതുഭരണം - 46-ാമത് മാനേജ് മെന്റ് കൗൺസിൽ യോഗത്തിന്റെ അജണ്ടകുറിപ്പുകൾ - അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 4.1 | DE - Distance Learning Programme Approval of Final Result notification – Reg. | Approved.<br>*Action: DE* |
| 6.1 | ധനകാര്യ വിഭാഗം – 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് – അംഗീകരിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | ധനകാര്യം - സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.3 | ധനകാര്യ വിഭാഗം - വി.കെ.ഐ. ഡി.എഫ്.ടി - മണ്ണുത്തി, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പോൾട്രി സയൻസ് - മണ്ണുത്തി, കാറ്റിൽ ബ്രീഡിങ് ഫാം - തുമ്പൂർമുഴി എന്നീ സ്റ്റേഷനുകളിലെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം റീ അപ്രോപ്രിയേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്. | യോഗ തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 6.4 | ധനകാര്യ വിഭാഗം- സർവകലാശാല ജീവനക്കാരുടെ/ പെൻഷൻകാരുടെ, ക്ഷാമബത്ത/ ക്ഷാമാശ്വാസം പുതുക്കിയ നിരക്കിൽ നൽകുന്നതിന് അനുമതി തേടുന്നത് - സംബന്ധിച്ച്. | അനുവദിച്ചു. *നടപടി: ഫിനാൻസ് ഓഫീസർ* |
| OA: 1 | DAR - Academic Programmes – Approval of result -Reg. (Additional) | Approved. *Action: DAR* |
| OA: 2 | പൊതുഭരണം/എ3/ - ഫാം അസിസ്റ്റൻറ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. – ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. *നടപടി: രജിസ്ട്രാർ* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേ നടന്ന ചർച്ചകളും തീരുമാനങ്ങളും:**

1. പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥി ശ്രീ. ജെ. എസ്. സിദ്ധാർത്ഥന്റെ മരണത്തോട് അനുബന്ധിച്ച് സർവ്വകലാശാല നടത്തിയ അന്വേഷണത്തിന്റെ വിവരങ്ങളും സ്വീകരിച്ച നടപടികളും ബഹു. വൈസ് ചാൻസലർ ഭരണസമിതി മുൻപാകെ റിപ്പോർട്ട് ചെയ്തു.

2. വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിൽ മാനേജർ, മേട്രൺ, തുടങ്ങിയ തസ്തികകൾ പുതുതായി സൃഷ്ടിക്കുകയോ നിലവിലുള്ള തസ്തികകൾ പുന:ക്രമീകരിക്കുകയോ ചെയ്ത് നികത്തുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കാൻ ഡയറക്ടർ ഓഫ് അക്കാഡമിക്സ് ആൻഡ് റിസർച്ച്, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്, ജോയിൻറ് രജിസ്ട്രാർ (പൊതുഭരണം) എന്നിവരടങ്ങുന്ന സമിതിയെ നിയോഗിച്ചു. നിലവിലുള്ള തസ്തിക സംബന്ധിച്ചുള്ള പ്രൊപ്പോസലിൽ മേട്രൺ തസ്തിക ഉണ്ടോ എന്നുള്ളത് കൂടി പരിശോധിക്കാനും സമിതിയോട് യോഗം നിർദ്ദേശിച്ചു.
   ***നടപടി: ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)***

3. വിദ്യാർത്ഥിയുടെ മരണം സംബന്ധിച്ച് സർവ്വകലാശാല സ്വീകരിക്കുന്ന നടപടികൾ അവ്യക്തത കൂടാതെ മാധ്യമങ്ങൾക്ക് നേരിട്ട് നല്കുന്നതിന് സംവിധാനം ഒരുക്കണമെന്ന് ബഹു. അംഗം ശ്രീ. അരുൺ ടി.ആർ. നിർദ്ദേശിച്ചു. ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി കുറച്ചു കൂടി വിദ്യാർത്ഥി സൗഹൃദമായ രീതിയിൽ യുവാക്കളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് കൂടി ബഹു. അംഗം അഭിപ്രായപ്പെട്ടു. സർവ്വകലാശാലയുടെ സൽപേരിനും പൊതുസ്വീകാര്യതയ്ക്കും കളങ്കം വന്നിട്ടുള്ള സാഹചര്യത്തിൽ ആയത് വീണ്ടെടുക്കാനുള്ള നടപടി സർവ്വകലാശാല സ്വീകരിക്കണമെന്ന് സർക്കാരിന്റെ ധനകാര്യ വിഭാഗം പ്രതിനിധി ശ്രീ. ജാഫർ. എ. എം., അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.
   ***നടപടി: രജിസ്ട്രാർ/ഡയറക്ടർ (എന്റർപ്രണർഷിപ്)***

4. അസിസ്റ്റൻറ് വാർഡന്മാർ ഹോസ്റ്റലുകളിൽ ചെയ്ത ജോലികൾ രജിസ്റ്ററിൽ റിപ്പോർട്ട് ആയി രേഖപ്പെടുത്തുവാനും എല്ലാ മാസത്തിലും കൃത്യമായി റിവ്യൂ ചെയ്യുന്നതിനും, കോളേജ് ലെവലിൽ യോഗങ്ങൾ ചേരുന്നതിനും നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.
*നടപടി: ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 11.45 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(02/04/2024 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**